പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5616 6.7.2012 ലെ മറുപടിക്ക്

## വിജ്ഞാൻവാടികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)വിജ്ഞാൻവാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | എ) പട്ടികജാതി സങ്കേതങ്ങളിലെ ഉദ്യോഗാർത്ഥികൾക്കും, വിദ്യാർത്ഥികൾക്കും, മറ്റ് കോളനി നിവാസികൾക്കും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുക, ഓൺലൈൻ അപേക്ഷകൾ അയയ്ക്കുന്നതിനുള്ള സൗകര്യമൊരുക്കുക, പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികളുടെയും വിദ്യാർത്ഥികളുടെയും മറ്റ് കോളനി നിവാസികളുടെയും വായനാശീലം പരിപോഷിപ്പിക്കുക എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |

(ബി)പട്ടികജാതി സങ്കേതങ്ങളിൽ എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

ബി) ഇന്റർനെറ്റ് സംവിധാനത്തോടെയുള്ള കമ്പ്യൂട്ടറും , വിജ്ഞാനപ്രദമായ പുസ്തകങ്ങൾ, ദിനപത്രങ്ങൾ, (ഇംഗ്ലീഷ് 1 , മലയാളം 1), തൊഴിൽ പ്രസിദ്ധീകരണങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ലൈബ്രറി -കം- റീഡിംഗ് റൂമും വിജ്ഞാൻ വാടിയിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

(സി)വിജ്ഞാൻവാടികൾക്ക് കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

സി) വിജ്ഞാൻവാടികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസരിച്ചുള്ള സൗകര്യങ്ങൾ വിജ്ഞാൻ വാടികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ